ഇല്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്നും സ്കൂളുകളിലേയ്ക്കും തിരിച്ചും കൊണ്ടുപോകുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇത്തരം കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. സ്കൂളിൽ പോകാതെ വനത്തിൽ കഴിയുന്ന കുട്ടികളെ വനം വകുപ്പ് അധികൃതരുടെ സഹായത്തോടെ സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന് കീഴിൽ 110 ഹോസ്റ്റലുകൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യാ അനുപാതം കൂടുതലുള്ള ജില്ലകളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുട്ടികളെയും പ്രവേശിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾ പര്യാപ്തമല്ല. ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രദേശങ്ങളിലെ ആൺകുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ ചേർത്ത് പഠനം തുടരുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

124 (5940) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ എത്ര തവണ യോഗം ചേർന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ യോഗവും അക്രമത്തിനിരയായ എത്ര പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുവേണ്ടി, കേസ്സുകളുടെ സ്വഭാവം തിരിച്ച പട്ടിക, ധനകാര്യ വകുപ്പിലേയ്ക്കയച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ എത്ര തുക വീതം നൽകാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നാല് തവണ സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.

(ബി) അക്രമത്തിനിരയായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം സംബന്ധിച്ച് 50,95,000 രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയിരുന്നു.

(സി) അക്രമത്തിനിരയായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി 10,00,000 രൂപ "2225-02-800-68 (പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിന് സ.ഉ (സാധാ.) നമ്പർ 20/2015/പജ..പവ.വിവ. തീയതി 6-1-2015 പ്രകാരം ഉത്തരവായിരുന്നു.

ഭാരത് ദർശൻ പരിപാടി

125 (5942) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിലുള്ള യുവതി യുവാക്കൾക്ക് വേണ്ടി യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച ഭാരത് ദർശൻ പരിപാടിക്ക് അനുവദിച്ചതുക എത്രയായിരുന്നു ; യഥാർത്ഥത്തിൽ ചെലവായ തുക എത്ര ;

(ബി) യാത്രാ സംഘത്തിലേക്കുള്ള പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ആളുകളെ ഏത് മാനദണ്ഡപ്രകാരമാണ് തെഞ്ഞെടുത്തത് ; വിശദമാക്കാമോ ;

(സി) പട്ടികജാതി വിഭാഗത്തിൽനിന്ന് ഏറ്റവും ദരിദ്രമായ പശ്ചാത്തലത്തിലുള്ള യുവാക്കളെയാണോ ഈ സംഘത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് ; ഈ പരിപാടിയുടെ ചെലവിൽ മന്ത്രിക്ക് പുറമേ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ യാത്ര ചെയ്യുകയുണ്ടായി ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരത് ദർശൻ പരിപാടി സംഘടിപ്പിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.